**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 412** **02-02-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക തട്ടിപ്പ് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക തട്ടിപ്പ് കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സാമ്പത്തിക തട്ടിപ്പ് കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സാമ്പത്തിക തട്ടിപ്പ് കേസുകൾ സംബന്ധിച്ചും സാമ്പത്തിക തട്ടിപ്പ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പണമിടപാടുകളിൽ സർക്കാരിന് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ചും ധനകാര്യവകുപ്പ് വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (ബി) | വിവരശേഖരണം നടത്തിയിട്ടില്ല. |
| (സി) | ഇത്തരം കേസുകളിൽ അനധികൃത പണമിടപാടുകൾ നടത്തുന്നതിലൂടെയും മറ്റ് വിധത്തിലുള്ള ഇടപാടുകളിലൂടെയും സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് വസൂലാക്കുന്നതിന് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | നിയമാനുസൃതമല്ലാത്ത നിക്ഷേപ പദ്ധതികൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നവർക്കെതിരെയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of Depositors in Financial Establishment Act , Kerala Money lenders Act എന്നിവ മുഖേന നിയമ നടപടികളും സ്വീകരിച്ചുവരുന്നു. അനധികൃത പണമിടപാടുകളിലൂടെ സർക്കാർ ഖജനാവിന് നഷ്ടം സംഭവിച്ചിട്ടുള്ള കണക്കുകൾ ലഭ്യമല്ല. |
| (ഡി) | 2016-ന് ശേഷം സംസ്ഥാനത്ത് നടന്നതായി കണ്ടെത്തിയിട്ടുള്ള സാമ്പത്തിക തട്ടിപ്പ് കേസുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ധനകാര്യ സ്ഥാപനങ്ങളുമായും സഹകരണ സ്ഥാപനങ്ങളുമായും മറ്റ് സ്വകാര്യ സ്ഥാപനങ്ങളുമായും വ്യക്തികളുമായി ബന്ധപ്പെട്ട് | (ഡി) | 2016 ന് ശേഷം സംസ്ഥാനത്ത് നടന്നതായി കണ്ടെത്തിയിട്ടുള്ള സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് 36680 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ധനകാര്യ സ്ഥാപനങ്ങളുമായും സഹകരണ സ്ഥാപനങ്ങളുമായും മറ്റ് സ്വകാര്യ സ്ഥാപനങ്ങളുമായും വ്യക്തികളുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള കേസുകളുടെ എണ്ണം തരം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു. |

| സർക്കാർ മേഖലയിലെ ധനകാര്യ സ്ഥാപനങ്ങളിലെ സാമ്പത്തിക തട്ടിപ്പ് കേസുകളുടെ എണ്ണം. | സ്വകാര്യ മേഖലയിലെ ധനകാര്യ സാമ്പത്തിക തട്ടിപ്പ് കേസുകളുടെ എണ്ണം. | സഹകരണ മേഖലയിലെ ധനകാര്യ സ്ഥാപനങ്ങളിലെ സാമ്പത്തിക തട്ടിപ്പ് കേസുകളുടെ എണ്ണം. | സ്വകാര്യ സ്ഥാപന ങ്ങളുമായും വ്യക്തിക ളുമായും ബന്ധപ്പെട്ട്നടന്നിട്ടുള്ള | കേസുകളുടെ ആകെ എണ്ണം |
|---|---|---|---|---|

<table>
<tr>
<td></td>
<td>നടന്നിട്ടുള്ള കേസുകളുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ;</td>
<td></td>
<td>
<table>
<tr><td></td><td></td><td></td><td>സാമ്പത്തിക തട്ടിപ്പ് കേസുകളുടെ<br>എണ്ണം</td><td></td></tr>
<tr><td>246</td><td>11199</td><td>592</td><td>24643</td><td>36680</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>സർക്കാർ നിക്ഷേപ പദ്ധതികളുടെയും ട്രഷറി നിക്ഷേപങ്ങളുടെയുമൊക്കെ ആകർഷണീയത നഷ്ടപ്പെട്ടതാണോ ഇത്തരം തട്ടിപ്പ് സ്ഥാപനങ്ങളുമായും സംഘങ്ങളുമായും പണമിടപാട് നടത്തുന്നതിന് ജനങ്ങളെ നിർബന്ധിതരാക്കുന്നത്;</td>
<td>(ഇ)</td>
<td>അല്ല. നിയമാനുസൃതമായി ലഭിക്കുന്നതിലും കൂടുതൽ പലിശയും മുതലും തിരികെ കിട്ടുമെന്ന വാഗ്ദാനത്തിൽപ്പെട്ട് കൂടുതൽ ലാഭമുണ്ടാക്കാനുള്ള ആളുകളുടെ മനോഭാവമാണ് ഇത്തരം തട്ടിപ്പ് സ്ഥാപനങ്ങളിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത്.</td>
</tr>
<tr>
<td>(എഫ്)</td>
<td>എങ്കിൽ സാമ്പത്തിക തട്ടിപ്പ് കേസുകളിൽ അകപ്പെട്ട് പോകാതിരിക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സർക്കാർ നിയന്ത്രണത്തിനുള്ള സ്ഥാപനങ്ങളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കുമോ?</td>
<td>(എഫ്)</td>
<td>സാമ്പത്തിക തട്ടിപ്പ് കേസുകളിൽ അകപ്പെട്ട് പോകാതിരിക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷമം നിരീക്ഷിച്ചു വരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളെക്കുറിച്ച് ഓൺലൈൻ വഴിയും സാമൂഹികമാധ്യമ അക്കൗണ്ട് വഴിയും സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച് അവബോധവും ബോധവൽക്കരണവും സന്ദേശങ്ങളും നൽകിവരുന്നു. നിക്ഷേപ സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അനധികൃത നിക്ഷേപ പദ്ധതികൾ പ്രചരിപ്പിക്കുന്നവർക്കെതിരേയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നവർക്കെതിരെയും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of Depositors in Financial Establishment Act, Kerala Money Lenders Act എന്നിവ മുഖേന നിയമ നടപടികളും സ്വീകരിച്ചുവരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ